**വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ആഫീസ്, തൃശ്ശൂർ**
**അയ്യന്തോൾ പി. ഒ**

സർ,

വിഷയം -*മക്കൾക്കൊപ്പം (കോവിഡ്കാല വിദ്യാഭ്യാസവും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും - രക്ഷാകർതൃ വിദ്യാഭ്യാസം) - ഉപജില്ലാതല, ഗ്രാമപഞ്ചായാത്ത്/നഗരസഭ, സ്കൂൾതല - സംഘാടന രൂപം, ഗ്രാമപഞ്ചായാത്ത്/ നഗരസഭ/ സ്കൂൾ തല കോ-ഓഡിനേറ്റർമാരെ കണ്ടെത്തൽ ഉറപ്പാക്കൽ സംബന്ധിച്ച്.*

കോവിഡ് മഹാമാരി ലോകമാകെ ജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്നു. ചരിത്രം തന്നെ കോവിഡിനു ശേഷവും മുൻപും ആയി വിഭജിക്കപ്പെട്ടു. സർവ്വമേഖലകളിലും പ്രതിസന്ധികൾ രൂപപ്പെട്ടിരിക്കുന്നു..

നമ്മുടെ കുടുംബങ്ങളിലെ തൊഴിൽനഷ്ടവും വരുമാനനഷ്ടവും അതോടനു ബന്ധിച്ചുള്ള മറ്റു വിഷമതകളും കൂടുതൽ ബാധിക്കുക അവിടങ്ങളിലെ കുട്ടികളെ കൂടിയാണെന്ന് നമുക്കറിയാം.

നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്കൂൾ അനുഭവങ്ങൾ ലഭിക്കാതായിട്ട് ഏതാണ്ട് ഒന്നര വർഷത്തോളമായി. സാമൂഹികവൽക്കരണത്തിനുതകുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസം - കൂട്ടുചേരുന്നതിലൂടെയാണ് ലഭിക്കുക. ഒന്നിച്ചു പഠിക്കുകയും കളിക്കുകയും ചെയ്യുമ്പോഴും സംവാദങ്ങളിൽ ഏർപ്പെടുമ്പോഴും ഒന്നിച്ചു ഭക്ഷണം കഴിക്കുമ്പോഴും ഒന്നിച്ചു ജീവിക്കുമ്പോഴുമൊക്കെയാണ് സാമൂഹികവൽക്കരണത്തിനുള്ള മാനസിക വിഭവങ്ങൾ ലഭ്യമാകുക.

സ്വാഭാവിക പഠനപരിസരം ഇനി എപ്പോഴാണ് തിരിച്ചുവരിക എന്നതിൽ രക്ഷിതാക്കളെക്കാളേറെ കുട്ടികളാണ് ആശങ്കപ്പെടുന്നത്. കോവിഡിന്റെ ആരംഭകാലത്ത് കുറച്ചു സമയത്തേക്ക് മതിയാകും എന്ന് കരുതി ആരംഭിച്ച ഓൺലൈൻ ക്ലാസുകൾ ഈ വർഷവും സർക്കാരിന് തുടരേണ്ടിവന്നു.

സ്വാഭാവിക സ്കൂൾ പഠനത്തിന് പകരമല്ല ഓൺലൈൻ ക്ലാസുകൾ എന്ന് സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കോവിഡ് ആശങ്കകൾ ഒഴിയുന്ന കാലംവരെ ഇതല്ലാതെ മറ്റുമാർഗങ്ങൾ ഇല്ല എന്നത് എല്ലാവർക്കും അറിയാം. കുട്ടികളും രക്ഷിതാക്കളും വലിയ ആശങ്കയിലാണ്, മാനസിക സമ്മർദ്ദത്തിലാണ്.

ഈ സന്ദർഭത്തിൽ നമ്മുടെ കുട്ടികളേയും രക്ഷിതാക്കളുടേയും ചേർത്ത് പിടിക്കേണ്ടത് പൊതുസമൂഹത്തിന്റേയും കടമയായിതീർന്നിരിക്കുന്നു. അതിന്റെ ഭാഗമായി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോഴിക്കോട് ജില്ലയിൽ ആരംഭിച്ച രക്ഷകാർതൃ വിദ്യാഭ്യാസ പരിപാടി - വലിയ വിജയമായി തീർന്നിരിക്കുകയാണ്.

ഈ പദ്ധതി -സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള ആലോചന എല്ലാവരുടേയും ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ജില്ലയിൽ - തൃശ്ശൂർ ഡയറ്റ് തുടങ്ങിവെച്ച രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി നമുക്ക് തുടരേണ്ടതായിട്ടുണ്ട്. അതിന്റെകൂടി ഭാഗമായി, ജില്ലാപഞ്ചായത്തിന്റേയും പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും സഹകരണത്തോടെ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻകൈയ്യിൽ ജില്ലയിലെ മുഴുവൻ രക്ഷിതാക്കളേയും അഭിസംബോധന ചെയ്യുന്ന വലിയൊരു പരിപാടി നടപ്പിലാക്കാനാണ് നാം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

തൃശ്ശൂർ ജില്ലാപഞ്ചായത്ത് ഈ പദ്ധതിക്കാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ വിപുലമായൊരു സംഘാടക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പ്ലാനിങ്ങ് കമ്മറ്റിയുടെ ചെയർമാനായ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനും, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ജനറൽ കൺവീനറുമായുള്ള സംഘാടക സമിതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ വർക്കിങ്ങ് പ്രസിഡണ്ടാണ്. ബഹുമേയർ, ജില്ലയിലെ നഗരസഭാ ചെയർമാൻമാർ, ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിലെ മേധാവികൾ, അധ്യാപക സംഘടനപ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവർ സംഘാടക സമിതി ഭാരവാഹികളാണ്.

വരും ദിവസങ്ങളലായി ഉപജില്ലാതലങ്ങളിൽ എ.ഇ.ഒ.മാരുടേയും ബി.പി.ഒ.മാരുടേയും

...2

നേതൃത്വത്തിൽ കാമ്പയ്ൻ സെല്ലുകളും, ഗ്രാമപഞ്ചായത്ത്/ നഗരസഭാതലങ്ങളിലും സ്കൂൾ തലത്തിലും കാമ്പയ്ൻ കമ്മറ്റികൾക്കും രൂപംനൽകാൻ കഴിയണം. വരുന്ന സെപ്തംബർ 5-നകം മുഴുവൻ വിദ്യാലയങ്ങളിലെയും മുഴുവൻ ക്ലാസ്സുകളിലേയും മുഴുവൻ രക്ഷിതാക്കളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സംവാദങ്ങൾ-ക്ലാസ്സുകൾ നടക്കണം.

എല്ലാ വിദ്യാലയങ്ങളിലും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിവുള്ള ഒരു ടീച്ചറെ പ്രോജക്ട് കോ-ഓഡിനേറ്ററായി (ആഗസ്റ്റ് 1-ന് മുന്നെ) കണ്ടെത്തണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ഒരു ടീച്ചർ/ വിദ്യാഭ്യാസ പ്രവർത്തകനെ/കയെ പ്രോജക്ട് കോ-ഓഡിനേറ്ററായി (ആഗസ്റ്റ് 2-ന് മുന്നെ) കണ്ടെത്തണം.

ഇതുസംബന്ധിച്ച് മുഴുവൻ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന-പ്രവർത്തനപദ്ധതി-കൈപ്പുസ്തകം ഇതോടൊപ്പം അയക്കുന്നു.

പ്രോജക്ട് പ്രവർത്തനങ്ങളിൽ - ഉപജില്ലാതലത്തിൽ വിദ്യാഭ്യാസ ആഫീസർമാരെ സഹായിക്കുന്നതിനായി 12 ഉപജില്ലാ കോ-ഓഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ബി.പി.ഒ.മാർകൂടി അവരെ സഹായിക്കണം.

ഈ പരിപാടിയുടെ വിജയകരമായ സംഘാടനത്തിനായി, ജില്ലയിലെ വിദ്യാഭ്യാസവകുപ്പിന്റെ മുഴുവൻ ശേഷിയും പ്രയോജനപ്പെടുത്തണം. സ്ഥാപനമേധാവികൾ ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

ഏറെ കാലിക പ്രസക്തിയുള്ള വലിയൊരു പദ്ധതിക്കാണ് നാം മുന്നിട്ടിറങ്ങുന്നത്. നമ്മുടെ മുഴുവൻ ശേഷിയും ഈ പദ്ധതിയുടെ വിജയത്തിനായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം.

വിശ്വസ്തതയോടെ,

(ഒപ്പ്)
ടി.വി.മദനമോഹനൻ
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ &
ജനറൽ കൺവീനർ, മക്കൾക്കൊപ്പം-സംഘാടകസമിതി

30.07.2021
തൃശ്ശൂർ

കോപ്പികൾ:
-സെക്രട്ടറി, തൃശ്ശൂർ ജില്ലാപഞ്ചായത്ത്,
-ജില്ലാവിദ്യാഭ്യാസ ആഫീസർമാർ,
-ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,
-ആർഡിഡി (ഹയർ സെക്കണ്ടറി),
-എ.ഡി. (വി.എച്ച്.എസ്.ഇ.), തൃശ്ശൂർ
-പ്രിൻസിപ്പാൾ-ഡയറ്റ് - തൃശ്ശൂർ
-ജില്ലാ പ്രോഗ്രാം ആഫീസർ (എസ്എസ്കെ.)
-കൈറ്റ്സ് - ജില്ലാ പ്രോഗ്രാം ആഫീസർ
-സെക്രട്ടറി, ജില്ലാ-ശിശിക്ഷേമസമിതി
-ജില്ലയിലെ എല്ലാ ബി.പി.ഒ.മാർക്കും.
-ജില്ലയിലെ മുഴുവൻ എൽ.പി, യു.പി, ഹൈസ്കൂൾ,
ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി
വിദ്യാലയങ്ങളിലെയും മേധാവികൾക്കും
-പ്രസിഡണ്ട്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂർജില്ല.

cts Calendar Tasks Briefcase Preferences Login History Video Tutorials Fwd: മക്കൾക്ക

Reply to All | Forward | Archive | Delete | Spam | Actions

DDE Thrissur | keraladistedumissiontcr@gmail.com | thrissur ssa | DEO Thrissur

To: rddhseekm@gmail.com | rothrissur@vhsethrissur.org | diettcr@gmail.com | kitethrissur@gmail.com | DEO Chavakkad | DEO Irinjalakuda | AEO Irinjalakuda | Show more... | purushothamanpv62@gmail.com | meerajinan@gmail.c

Cc: madhusudhanancc@gmail.com | v manoj101 | vidyakattany@yahoo.com | tpkala@gmail.com | omshankaran@gmail.com

Makaklkkoppam (DDE).pdf (39.7 KB) Download | Briefcase    makkalkkopamtcr.pdf (148.3 KB) Download | Briefcase

Download all attachments

...ം - മക്കൾക്കൊപ്പം (കോവിഡ്കാല വിദ്യാഭ്യാസവും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും - രക്ഷാകർതൃ വിദ്യാഭ്യാസം) - ഉപജില്ലതല, ...ഞ്ചായാത്ത്/നഗരസഭ, സ്കൂൾതല - സംഘാടന രൂപം, ഗ്രാമപഞ്ചായത്ത്/ നഗരസഭ/ സ്കൂൾ തല കോ-ഓഡിനേറ്റർമാരെ കണ്ടെത്തൽ - ഉറ... ...ധിച്ച്.

...വിഡ് മഹാമാരി ലോകമാകെ ജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്നു. ചരിത്രം തന്നെ കോവിഡിനു ശേഷവും മു... ...മേഖല കളിലും പ്രതിസന്ധികൾ രൂപപ്പെട്ടിരിക്കുന്നു..

...ട കുടുംബങ്ങളിലെ തൊഴിൽനഷ്ടവും വരുമാനനഷ്ടവും അതോടനു ബന്ധി ച്ചുള്ള മറ്റു വിഷമത... ...ളെ കൂടിയാ ണെന്ന് നമുക്കറിയാം.

...ട കുഞ്ഞുങ്ങൾക്ക് സ്കൂൾ അനുഭവങ്ങൾ ലഭിക്കാതായിട്ട് ഏതാണ്ട് ഒന്നര വർഷത്തോളമായ... ...വിദ്യാഭ്യാ സം - കൂട്ടുചേരുന്നതിലൂടെയാണ് ലഭിക്കുക. ഒന്നിച്ചു പഠിക്കുകയും കളിക്കുകയു... ...ച്ചു ഭക്ഷണം കഴിക്കുമ്പാഴും ഒന്നിച്ചു ജീവിക്കുമ്പോഴുമൊക്കെയാണ് സാമൂഹികവൽക്കരണത...